

# മുപ്ലിയം അസംപ്ഷൻ ഇടവക

1900-ാമാണ്ടിൽ ഏകദേശം 35 ക്രിസ്ത്യാനി കുടുംബങ്ങളായിരുന്നു മുപ്ലിയത്ത് ഉണ്ടായിരുന്നത്. കിലോമീറ്ററുകൾക്കപ്പുറം പേരാമ്പ്രയിലായിരുന്നു അന്ന് ഇടവകപള്ളി ഉണ്ടായിരുന്നത്. മൂന്നുവശം പുഴകളാലും ഒരുവശം മലയാലും ചുറ്റപ്പെട്ട ഈ പ്രദേശം തികച്ചും ഒറ്റപ്പെട്ടാണ് കിടന്നിരുന്നത്. തന്മൂലം യാത്രാസൗകര്യം ഉണ്ടായിരുന്നില്ല. എങ്കിലും ഒരു ദേവാലയത്തിനുള്ള അന്നത്തെ കാരണവന്മാരുടെ ആഗ്രഹം മൂലം അവർ തൃശ്ശൂർ ബിഷപ്പിന് സങ്കടഹർജികൾ അയച്ചുതുടങ്ങി. അദ്ദേഹം നിർദ്ദേശിച്ചതുപോലെ, അവർ മുപ്ലിയത്ത് ഒരു കുരിശു സ്ഥാപിച്ചു. കല്ലുകൊണ്ട് ഒരു തറകെട്ടി. അങ്ങനെ 1915-ൽ ഔദ്യോഗികമായി മുപ്ലിയം ദേശത്തെ ദേവാലയമെന്ന സങ്കല്പം ഒരു രൂപമായി ഉടലെടുത്തു. ആദ്യകാലത്തേത് വി. സെബസ്ത്യാനോസ് സഹദായുടെ നാമധേയത്തിലുള്ള ദേവാലയമായിരുന്നുവെന്ന് കരുതപ്പെടുന്നു. “സെബസ്ത്യാനോസ് സഹദാ”യുടെ നാമധേയത്തിലുള്ള മുപ്ലിയം ദേവാലയമെന്നാണ് ആദ്യത്തെ തെരട്ടിൽ കാണുന്നത്.

ആദ്യം പേരാമ്പ്ര ഇടവകയുടെ പരിധിയിലായിരുന്നു, മുപ്ലിയം പ്രദേശം. അന്ന് പേരാമ്പ്ര പള്ളിയിലെ വികാരിയച്ചൻ വന്നാണ് ഇവിടെ ദിവ്യബലി അർപ്പിച്ചിരുന്നത്.

പിന്നീട് ഈ ദേവാലയം വരന്തരപ്പിള്ളി (പള്ളിക്കുന്ന്) പള്ളിയുടെ ഭാഗമായി. അവിടത്തെ വികാരിയായിരുന്ന ബഹു. ജോസഫ് പറമ്പനച്ചനായിരുന്നു ഇവിടെ ദിവ്യബലിയർപ്പിക്കാൻ വന്നിരുന്നത്. 43 കുടുംബങ്ങളാണ് അന്ന് ഇവിടെ ഉണ്ടായിരുന്നത്. പിന്നീട് മുപ്ലിയം ദേവാലയം മൂന്നുമുറി പള്ളിയുടെ ഭാഗമായി. അവിടെനിന്ന് വൈദികർ വന്ന് വിശുദ്ധ ബലി അർപ്പിക്കാനും തുടങ്ങി. ഇവിടെ ആഘോഷിച്ചിരുന്ന പ്രധാന തിരുനാൾ മാതാവിന്റെ വണക്കമാസമായിരുന്നു.

1923 ഏപ്രിൽ 4-നാണ് മുപ്ലിയം പള്ളിയുടെ കുറച്ചുസ്ഥലവും സിമിത്തേരിയും ഗവണ്മെന്റ് അംഗീകരിച്ചുതന്നത്.

## ദേവാലയ നിർമ്മാണം

വസൂരി മുതലായ മാറാരോഗങ്ങളിൽനിന്ന് വിശുദ്ധന്റെ സംരക്ഷണം കിട്ടാനായിരുന്നു, അമ്പു തിരുന്നാളും മറ്റും ആഘോഷിച്ചു തുടങ്ങിയത്. ക്രമേണ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഓലപ്പള്ളി അസൗകര്യമായിത്തീർന്നു. പള്ളിക്ക് പണമില്ലാതിരുന്നതിനാലും പള്ളിപണി ആവശ്യമായതുകൊണ്ടും ബഹു. ജോസഫ് മഞ്ഞളിയ

ച്ചന്റെ നേതൃത്വത്തിൽ പള്ളിയിൽ ഒരു കുറിയിടപാട് ആരംഭിച്ചു. ആണ്ടിൽ രണ്ടു തവണ വീതമുള്ള അർദ്ധവർഷ കുറി. 1938 മുതൽ അവർ പള്ളി പുതുക്കിപ്പണിയാൻ ശ്രമിച്ചു. 27 കോൽ നീളവും 8 കോൽ വീതിയുമുള്ള ഓടിട്ടപള്ളി. ഒടുവിൽ കാരണവന്മാരുടെ നിരന്തര പരിശ്രമവും കഠിനാധ്വാനവും മൂലം 1944-ൽ പള്ളിപണി പൂർത്തീകരിച്ചു.

## സ്ഥിരവാസമുള്ള വികാരി

ആദ്യമായി മുപ്ലിയം ഇടവകയിലെ സ്ഥിരം വികാരിയായി 1961-ൽ നിയമിതനായത് ബഹു. ജോൺ വാഴപ്പിള്ളി (Sr.) അച്ചനാണ്. പിന്നീട് വന്ന ഓരോ അച്ചന്മാരുടെയും സേവനം വിലപ്പെട്ടതാണ്. ജീർണ്ണാവസ്ഥയിലായിരുന്ന പള്ളി ബഹു. ജോർജ്ജ് കണ്ണാത്ത് അച്ചന്റെ ഉത്സാഹത്താൽ (1965-67) നവീകരിച്ചു.

മുപ്ലിയത്തുകാർ മാതാവിന്റെ പ്രത്യേക മാധ്യസ്ഥശക്തിയിൽ ദശകങ്ങളായി വിശ്വാസമർപ്പിച്ച് ജീവിക്കുന്നവരാണ്. മുപ്ലിയത്തുകാരുടെ വിശ്വാസത്തിന് സമ്മാനമായി അരണാട്ടുകര പള്ളിയിൽ നിന്ന് ലഭിച്ച അമലോത്ഭവ മാതാവിന്റെ തിരുസ്വരൂപത്തെ വളരെ ഭക്തിയോടും വണക്കത്തോടും കൂടിയാണ് ഇവിടത്തുകാർ സമീപിച്ചിരുന്നത്. ഓലപ്പള്ളി പണിത് ഏകദേശം പത്തുവർഷങ്ങൾക്കുശേഷമാണ് ഈ തിരുസ്വരൂപം ഇവിടെ എത്തുന്നത്. ഈ തിരുസ്വരൂപം വെള്ളക്കാരുടെ കയ്യിൽ നിന്നാണ് അരണാട്ടുകരയിലെത്തിയതെന്ന് കരുതപ്പെടുന്നു. ഓടിട്ട പള്ളി പണിതപ്പോൾ ഈ തിരുസ്വരൂപം മറ്റു രണ്ടു രൂപങ്ങൾക്കൊപ്പം അൾത്താരയ്ക്കു മുകളിലുള്ള കൂട്ടിൽ പ്രതിഷ്ഠിച്ചു. പിന്നീട് സൗകര്യാർത്ഥം അത് താഴെ സ്ഥാപിച്ചു. എന്നാൽ, ഫാ. ജോസ് ആലപ്പാട്ട് വികാരിയായിരുന്നപ്പോൾ അദ്ദേഹത്തിന് സ്വപ്നത്തിൽ ദർശനമുണ്ടായതനുസരിച്ച് ഈ തിരുസ്വരൂപം വീണ്ടും മുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. 1987-ൽ ഇന്നുകാണുന്ന ദേവാലയം നിർമ്മിച്ചപ്പോൾ ഈ തിരുസ്വരൂപം മദ്ബഹയ്ക്ക് മുകളിലും, പിന്നീട് 2008-ൽ അൾത്താര പുനർനിർമ്മിച്ചപ്പോൾ ഈ തിരുസ്വരൂപം സക്രാരിക്ക് മുകളിലായി നിർമ്മിച്ച പ്രത്യേക സ്ഥാനത്തും മാർ ജെയിംസ് പഴയാറ്റിൽ പിതാവ് പ്രതിഷ്ഠിച്ചു.



സെന്റ് ആന്റണീസ് കപ്പേള



സെന്റ് ജോസഫ് സ്തൂപം

ബഹു. ജോസ് ആലപ്പാട്ടച്ചൻ തന്നെയാണ് കിഴക്കുമുറിയിൽ സെന്റ് ജോസഫ് കപ്പേള പണികഴിപ്പിച്ചത്. പിന്നീട് 1977-80 കാലയളവിൽ ബഹു. സെബാസ്റ്റ്യൻ ഈഴേക്കാടനച്ചന്റെ നേതൃത്വത്തിൽ സെമിത്തേരി വിപുലീകരിക്കുകയും പള്ളിയുടെ മുമ്പിലായി വേളാങ്കണ്ണി മാതാവിന്റെ ഒരു കപ്പേള പണിയുകയും പള്ളിക്ക് മുൻവശത്ത് മതിൽ കെട്ടുകയും ചെയ്തു.

## നവീന ദേവാലയം

തൃശ്ശൂർ രൂപതയുടെ കീഴിൽ ആയിരുന്ന മുപ്ലിയം ഇടവക രൂപതാവിഭജനത്തോടെ ഇരിങ്ങാലക്കുട രൂപതയുടെ ഭാഗമായി. ഇടവകക്കാരുടെ എണ്ണം വർദ്ധിച്ചപ്പോൾ പുതിയൊരു ദേവാലയം എന്ന ആശയം രൂപം കൊണ്ടു. അങ്ങനെ ഇടവകക്കാരുടെയും വികാരിയായിരുന്ന വർഗ്ഗീസ് വാഴപ്പിള്ളിയച്ചന്റെയും കഠിനാധ്വാനത്തിന്റെ ഫലമായി ഇന്നുകാണുന്ന ദേവാലയവും കപ്പേളയും മണിമാളികയും നിർമ്മിച്ചു. 1986 നവംബർ 22-ന് ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. 11 മാസംകൊണ്ടാണ് ദേവാലയത്തിന്റെ പണി പൂർത്തിയാക്കിയത്. 1987 ഒക്ടോബർ 18-ന് അഭിവന്ദ്യ പിതാവ് കൂദാശാകർമ്മം നിർവ്വഹിച്ചു.

ബഹു. ഷാജു ചിറയത്തച്ചന്റെ അർപ്പണമനോഭാവത്തിന്റെ മകുടോദാഹരണമാണ് മദ്ബഹായുടെയും അൾത്താരയുടെയും പുനർനിർമ്മാണം. പുനർനിർമ്മിച്ച അതിമനോഹരമായ മദ്ബഹ മാർ ജെയിംസ് പഴയാറ്റിൽ



മണിമാളിക



സെന്റ് ജോസഫ്സ് കപ്പേള

പിതാവ് 2008 ജനുവരി 25-ന് ആശീർവദിച്ചു.

## വെള്ളാരംപാടം ലിറ്റിൽ ഫ്ളവർ പള്ളി

മുപ്ലിയം വികാരി ബഹു. റെജിനാൾഡ് സി.എം.ഐ. അച്ചനാണ് ആദ്യമായി ഇവിടെ കപ്പേള സ്ഥാപിച്ചത്. അന്നത്തെ ഇടവകയായ മുപ്ലിയം പള്ളിയിലേയ്ക്കുള്ള ദൂരദൈർഘ്യം പരിഗണിച്ച് വെള്ളാരംപാടം നിവാസികൾക്ക് ഒരുമിച്ചു പ്രാർത്ഥിക്കുവാനും, ഒരുമിച്ചു കൂടുവാനും വേണ്ടി ആണ് കപ്പേള സ്ഥാപിച്ചത്. മുപ്ലിയം പള്ളിയുടെ ഒരു അമ്പുസമുദായം മാത്രമായിരുന്നു വെള്ളാരംപാടം. 25 കുടുംബങ്ങളാണ് അന്ന് ഉണ്ടായിരുന്നത്. 1962-ൽ ഈ കപ്പേളയിൽ വർഷത്തിലൊരിക്കൽ കുമ്പസാരവും, ദിവ്യബലിയ്ക്ക് ഉള്ള അനുവാദവും രൂപതയിൽ നിന്നും ലഭിച്ചു. പിന്നീട്, 1967-ൽ സമുദായ കപ്പേളയുടെ തൊട്ടുപുറകിൽ ഒരു സെന്റ് സ്ഥലം വാങ്ങിച്ചു. ആ വർഷത്തിൽ തന്നെ ജനുവരി, മേയ്, ഒക്ടോബർ മാസങ്ങളിൽ ദിവ്യബലി അർപ്പിക്കാനുള്ള അനുവാദം ലഭിച്ചു.

പുതിയതായി ഒരു ദേവാലയം പണിയുന്നതിന് വെള്ളാരംപാടത്തുള്ളവർക്ക് ആഗ്രഹം ഉണ്ടായി. എങ്കിലും ഇവിടെ എല്ലാവരും കർഷക കുടുംബങ്ങളായതിനാൽ സാമ്പത്തികക്ലേശം ഉണ്ടായിരുന്നു. പള്ളി പണിയുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയെ പരിഗണിച്ച്, 1972-ൽ വെള്ളാരംപാടത്ത് പള്ളി പണിയുന്നതിന് അനുവാദം ലഭിച്ചു. അമേരിയ്ക്കയിൽ നിന്നും മിസ്സിസ് ക്ലാര ജോസഫ് എന്ന മഹതി അയച്ചുതന്ന ഉദാരമായ സംഭാവനയാണ് പള്ളി പണിയ്ക്ക് നിമിത്തമായത്. പള്ളി പണിയുന്നതിനുവേണ്ടി ഒരു ഏക്കർ സ്ഥലം സംഭാവന ആയി ലഭിച്ചുവെങ്കിലും അവിടെ പള്ളി പണിയുന്നത് ഉചിതമല്ലെന്ന നിഗമനത്തിൽ അരമനയിൽ നിന്ന് അനുവാദം നല്കിയില്ല. അതിനാൽ ഇപ്പോൾ പള്ളി ഇരിയ്ക്കുന്ന 50 സെന്റ് സ്ഥലം ഒരു സെന്റിന് 5000 രൂപ നിരക്കിൽ വാങ്ങിച്ചു.

അന്നത്തെ മുപ്ലിയം പള്ളി വികാരിയായിരുന്ന (1971-76) ബഹു. ജോസ് ആലപ്പാട്ട് അച്ചന്റെ നേതൃത്വത്തിതിൽ പൂർത്തിയാക്കിയ വി. കൊച്ചുത്രേസ്യായുടെ നാമധേയത്തിലുള്ള വെള്ളാരംപാടം പള്ളിയുടെ വെഞ്ചരിപ്പുകർമ്മം 1976 ജനുവരി 17-ാം തിയ്യതി തൃശ്ശൂർ രൂപത മെത്രാൻ മാർ ജോസഫ് കുണ്ടുകുളം തിരുമേനി നിർവ്വഹിച്ചു. അന്നുമുതൽ എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലി അർപ്പിക്കാനും, മാമ്മോദീസ, വിവാഹം തുടങ്ങിയ കൂദാശകൾ നടത്തുവാനും അനുവാദം ലഭിച്ചു.



വെള്ളാരംപാടം ലിറ്റിൽ ഫ്ളവർ പള്ളി

1978-ൽ റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടന്റെ പരിശ്രമഫലമായി സിമിത്തേരിയുടെ പണി ആരംഭിച്ചു. തുടർന്ന് 1981-ൽ റവ. ഫാ. ജോണി മേനാച്ചേരിയുടെ നേതൃത്വത്തിൽ പള്ളിയുടെ സമീപത്ത് ഒരു വേദപാഠ ഹാളും, അതിനോടുചേർന്ന് താമസസൗകര്യമുള്ള ഒരു മുറിയും പണികഴിപ്പിച്ചു. 1986-ൽ സിമിത്തേരി പൊളിച്ച് പുതുക്കിപ്പണിതതിന് ശേഷം, 24.7.1988-ൽ റവ. ഫാ. വർഗ്ഗീസ് വാഴപ്പിള്ളിയുടെ നേതൃത്വത്തിൽ വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിലുള്ള കപ്പേള പൊളിച്ച് പണിയുവാൻ തീരുമാനിച്ചു. ദാനമായി ലഭിച്ച സ്ഥലത്ത് സ്ഥാപിതമായ കപ്പേളയുടെ പണി 1988-ൽ പൂർത്തീകരിച്ചത് റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായിയാണ്. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് കപ്പേള വെഞ്ചിരിച്ചത്. 1999 ജനുവരി 10-ാം തിയ്യതി റവ. ഫാ. ആന്റോ ജി. ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ജറുസലേം, ബെത്‌ലഹെം എന്നീ രണ്ട് യൂണിറ്റുകളിലായി കുടുംബങ്ങളെ തിരിച്ചു. ആകെ 55 കുടുംബങ്ങളാണ് ഇപ്പോൾ ഉള്ളത്.

## പുതിയ പള്ളി

റവ. ഫാ. ഫ്രാൻസിസ് കാവിലിന്റെ കാലഘട്ടത്തിൽ രൂപതയിൽ നിന്ന് അനുവാദം ലഭിച്ചതിനെത്തുടർന്ന്, 23.8.2003-ന് പള്ളിയുടെ ശിലാസ്ഥാപനകർമ്മം മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. സെപ്തംബറിൽ പഴയ പള്ളി പൊളിച്ചശേഷം ആരംഭിച്ച പുതിയ പള്ളിയുടെ പണികൾ റവ. ഫാ. ഫ്രാൻസിസ് കാവിലിന്റെ ഉത്സാഹത്താൽ ഗണ്യമായി പുരോഗമിച്ചു; മേച്ചിൽ നടത്താനും കഴിഞ്ഞു. തുടർന്ന് നിയമിതനായ റവ. ഫാ. വിൽസൻ ഈരത്തറ മുപ്ലിയം വികാരിയായി ചാർജ് എടുക്കുകയും 6 മാസംകൊണ്ട് ഇവിടത്തെ പള്ളിപണി പൂർത്തിയാക്കുകയും ചെയ്തു. 2006 ജൂലൈ 22-ാം തിയ്യതി ശനിയാഴ്ച മാർ ജെയിംസ് പഴയാറ്റിൽ പിതാവ് കൂദാശാകർമ്മം നിർവ്വഹിച്ചു.

## കോൺവെന്റ്, ആശ്രമം

1988-ൽ മുപ്ലിയം ഇടവകയിൽ സ്ഥാപിതമായ ആരാധനാമഠത്തിന്റെ (എസ്.എ.ബി.എസ്.) കീഴിൽ 2000 മുതൽ ഉന്നതനിലവാരത്തിൽ പ്രവർത്തിക്കുന്ന വിമൽജ്യോതി സെൻട്രൽ സ്കൂൾ വിദ്യാഭ്യാസരംഗത്തെ മുപ്ലിയം ഇടവകയുടെ മുന്നേറ്റത്തെ കുറിക്കുന്നു. 1993-ലാണ് കപ്പൂച്ചിൻ സഭയുടെ ധ്യാനാശ്രമം വെള്ളാരംപാടത്ത് സ്ഥാപിതമായത്.



ലിറ്റിൽ ഫ്ളവർ കപ്പേള



വിമൽജ്യോതി ഹയർസെക്കന്ററി സ്കൂൾ



അഡോറേഷൻ കോൺവെന്റ്



കപ്പൂച്ചിൻ ധ്യാനാശ്രമം, വെള്ളാരംപാടം



വിമൽജ്യോതി സെൻട്രൽ സ്കൂൾ